IVO-5/30/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

ശ്രീമതി. പ്രമീള.എം.കെ
ഷിബിൻ നിവാസ്
മാടത്തിൽ, ഇരിട്ടി.പി.ഒ

സർ,

വിഷയം:- പായം ഗ്രാമ പഞ്ചായത്ത് കെട്ടിട നമ്പറിനുള്ള അപേക്ഷ അനുവദിക്കാത്തത് - സംബന്ധിച്ച്.

സൂചന: പേരാവൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ നമ്പർ - 0134

..................................

പായം വില്ലേജിൽ റി.സർവ്വെ നം. 38/2 ൽ പ്പെട്ട 0.0040 ഹെക്ടർ സ്ഥലത്ത് മാടത്തിൽ പീടികയ്ക്ക് സമീപം ഇരിട്ടി വളവുപാറ റോഡിന്റെ സൈഡിൽ ഗ്രൗണ്ട് ഫ്ളോർ 23.87 m ഫസ്റ്റ് ഫ്ളോർ 23.87m² ആകെ 47.74m വിസ്തീർണത്തിൽ കമേർഷ്യൽ കെട്ടിടം നിർമ്മിച്ച് ക്രമവൽകരണത്തിനായി പായം പഞ്ചായത്തിൽ 16/11/2018 ൽ സമർപ്പിച്ച അപേക്ഷ റോഡതിർത്തിയിൽ നിന്ന് അകലം പാലിക്കുന്നില്ല എന്നതിനാൽ കെട്ടിട നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി.

സ്ഥിര അദാലത്ത് ഉപസമിതി അംഗങ്ങളും പായം പഞ്ചായത്ത് ഓവർസിയർ എന്നിവർ അപേക്ഷകയുടെ മകന്റെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തി പായം വില്ലേജിൽ റി.സ.38/2 ൽപ്പെട്ട 0.0040 ഹെക്ടർ സ്ഥലത്തിന്റെ 2 വശങ്ങളുടെ നീളം 8.8 മീറ്റർ എന്ന അകലത്തിലും മറ്റ് 2 വശങ്ങളുടെ വീതി 4.30 മീറ്റർ എന്ന ക്രമത്തിലും രേഖപ്പെടുത്തിയ പ്ലാൻ ഹാജരാക്കിയിട്ടുണ്ട് എങ്കിലും സൈറ്റിൽ അതിർത്തികൾ കൃത്യമായി രേഖപ്പെടുത്തി വേർതിരിച്ചിട്ടില്ലാത്തതിനാൽ അതിർത്തികൾ വ്യക്തമാവുന്നില്ല. ഫ്രണ്ട് യാർഡ് റോഡിന്റെ ഭാഗത്ത് സൈറ്റ് പ്ലാനിൽ 1.38 മീറ്റർ രേഖപ്പെടുത്തിയിരുന്നു. ഇതേ പ്ലാനിൽ എക്സസ് ആയി റോഡിൽ നിന്നും 3.45 മീറ്റർ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് യാർഡിൽ 1.38 മീറ്റർ കഴിഞ്ഞുള്ള സ്ഥലത്തിന്റെ ഉടമസ്ഥത ആരുടേതാണ് എന്ന് വ്യക്തമല്ല. റോഡ് വികസനത്തിന് സ്ഥലം വിട്ട് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ ഹാജരാക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഒരു വശത്ത് ഓപ്പൺ സ്റ്റെയർകേസ് ആയതിനാൽ അതിർത്തിയിൽ നിന്ന്

നിയമാനുസൃത അകലം പാലിച്ചാണ് ആയത് നിർമ്മിച്ചത് എന്ന് അതിർത്തി മാർക്ക് ചെയ്യാത്തതിനാൽ വ്യക്തമല്ല.

ശ്രീമതി.പ്രമീളയുടെ ക്രമവൽക്കരണ അപേക്ഷ 29/07/2019ന് പേരാവൂർ ബ്ലോക്ക് പഞ്ചായത്തിൽ നടന്ന അദാലത്തിൽ പരിഗണിക്കുകയും സൈറ്റ് പ്ലാനിൽ കാണിച്ച അത്രയും സ്ഥലം അപേക്ഷകന്റെ കൈവശത്തിന് ഉണ്ട് എന്നുള്ള രേഖ ഹാജരാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതിന് ടി അദാലത്തിൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അതിർത്തി കൃത്യമായി വേർതിരിച്ച് അളവുകൾ രേഖപ്പെടുത്തിയ പ്ലാൻ ഹാജരാക്കുകയും റോഡ് വികസനത്തിന് സ്ഥലം വിട്ട് കൊടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ ഹാജരാക്കി ന്യൂനത പരിഹരിച്ച അപേക്ഷ പായം പഞ്ചായത്തിൽ സമർപ്പിക്കുന്നതിന് അപേക്ഷയ്ക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

വിശ്വസ്തതയോടെ

കണ്ണൂർ
27/01/2024

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.